**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4138** **18-07-2022 - ൽ മറുപടിയ്ക്ക്**

**സഞ്ചിത നിധിയിൽ നിന്നും പിൻവലിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ ഓരോ സാമ്പത്തിക വർഷവും സാമ്പത്തിക വർഷത്തിന്റെ അവസാന മാസം സഞ്ചിത നിധിയിൽ നിന്നും പിൻവലിച്ച തുക എത്ര കോടി വീതമായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലയളവായ *2016-17 മുതൽ 2020-21* വരെയും ഈ സർക്കാരിന്റെ *2021-22*കാലയളവിലും സഞ്ചിത നിധിയിൽ നിന്നും അവസാന മാസം പിൻ വലിച്ച തുകയുടെയും ബജറ്റ് എസ്റ്റിമേറ്റിലുള്ള പ്രസ്തുത തുകയുടെ ശതമാനത്തിൻറെയും വിശദാംശങ്ങൾ ചുവടെ പട്ടികയായി ചേർക്കുന്നു.<br><br>**(തുക കോടിയിൽ)** |
| (ബി) | പ്രസ്തുത തുക അതാത് വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് ചെയ്ത പദ്ധതി തുകയുടെ എത്ര ശതമാനം വീതമായിരുന്നുയെന്ന് അറിയിക്കാമോ; | (ബി) | മുൻ സർക്കാരിന്റെ കാലയളവായ *2016-17 മുതൽ 2020-21* വരെയും ഈ സർക്കാരിന്റെ *2021-22*കാലയളവിലും സഞ്ചിത നിധിയിൽ നിന്നും അവസാന മാസം പിൻ വലിച്ച തുകയുടെയും ബജറ്റ് എസ്റ്റിമേറ്റിലുള്ള പ്രസ്തുത തുകയുടെ ശതമാനത്തിൻറെയും വിശദാംശങ്ങൾ ചുവടെ പട്ടികയായി ചേർക്കുന്നു.<br><br>**(തുക കോടിയിൽ)** |

(എ) പട്ടിക:

| സാമ്പത്തിക വർഷം | അവസാന മാസം പിൻവലിച്ച തുക | പിൻവലിച്ച തുകയുടെ ശതമാനം |
|---|---|---|
| **2016-17** | 22242.41 | 18.71 % |
| **2017-18** | 14815.25 | 11.06 % |
| **2018-19** | 13777.37 | 9.65 % |
| **2019-20** | 12381.90 | 7.71 % |
| **2020-21** | 21386.70 | 12.55 % |
| **2021-22** | 18688.52 | 8.77 % |

(ബി) പട്ടിക:

| സാമ്പത്തിക വർഷം | അവസാന മാസം പിൻവലിച്ച തുക | പിൻവലിച്ച തുകയുടെ ശതമാനം |
|---|---|---|
| **2016-17** | 22242.41 | 18.71 % |

| | | |
|---|---|---|
| **2017-18** | 14815.25 | 11.06 % |
| **2018-19** | 13777.37 | 9.65 % |
| **2019-20** | 12381.90 | 7.71 % |
| **2020-21** | 21386.70 | 12.55 % |
| **2021-22** | 18688.52 | 8.77 % |

| | | | |
|---|---|---|---|
| (സി) | സാമ്പത്തിക വർഷത്തിന്റെ അവസാന ആഴ്ചയിലെ പ്രവൃത്തി ദിവസങ്ങളിൽ പിൻവലിച്ച തുകകൾ ട്രഷറി സേവിംങ്ങ് ബാങ്ക് അക്കൗണ്ടുകളിലോ മറ്റ് ബാങ്ക് അക്കൗണ്ടുകളിലോ നിലനിർത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും അത് എത്ര കോടി വീതമായിരുന്നുയെന്ന് വ്യക്തമാക്കാമോ? | (സി) | വിവിധ സർക്കാർ വകുപ്പുകൾ, സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നും തുകകൾ പിൻവലിച്ച് പ്രസ്തുത വകുപ്പുകളുടെ /സ്ഥാപനങ്ങളുടെ ട്രഷറി സേവിംഗ്സ് ബാങ്ക് (എസ്ടിഎസ്ബി) അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാറുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിൻറെ ഭാഗമായി 2021 ജൂലൈ 1 മുതൽ കേന്ദ്രസർക്കാർ Single Nodal Agency (SNA) സംവിധാനം നടപ്പിലാക്കുകയുണ്ടായി. ഇതനുസരിച്ച് ഓരോ പദ്ധതിയ്ക്കും ലഭ്യമാകുന്ന കേന്ദ്ര വിഹിതവും അതിനനുസൃതമായ സംസ്ഥാന വിഹിതവും Single Nodal Agency (SNA) അക്കൗണ്ടിലേക്ക് മാറ്റേണ്ടതുണ്ട്. SNA അക്കൗണ്ട് ഒരു ബാങ്ക് അക്കൗണ്ടാണ്. സാമ്പത്തിക വർഷാവസാനം ലഭ്യമായ കേന്ദ്രവിഹിതവും അതിനനുസൃതമായ സംസ്ഥാന വിഹിതവും പ്രസ്തുത അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. മേൽ രീതികളിൽ പബ്ലിക്ക് അക്കൗണ്ടിലേക്കും ബാങ്ക് അക്കൗണ്ടിലേക്കും മാറ്റപ്പെടുന്ന തുക ചില സാങ്കേതിക കാരണങ്ങളാലും, വിവിധ പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം സാമ്പത്തിക വർഷാവസാനം ലഭ്യമാകുന്നതിനാലും പൂർണ്ണമായും ചെലവഴിക്കലിനു വേണ്ടി പിൻവലിക്കാൻ കഴിയാതെ പ്രസ്തുത അക്കൗണ്ടുകളിൽ നിലനിർത്തേണ്ട സാഹചര്യം ഉണ്ടാകാറുണ്ട്. ട്രഷറി സേവിംങ്സ് ബാങ്ക് അക്കൗണ്ടുകളിൽ തുക മാറ്റി പാർക്ക് ചെയ്യുന്ന രീതി ഒഴിവാക്കുന്നതിന് സർക്കാർ വേണ്ട നിർദ്ദേശങ്ങൾ നൽകാറുമുണ്ട്. ഇത്തരത്തിൽ പാർക്ക് ചെയ്യുന്ന തുക, സാമ്പത്തിക വർഷാവസാനം സർക്കാർ പബ്ലിക്ക് അക്കൗണ്ടുകളിൽ നിന്ന് പിൻവലിച്ച് സഞ്ചിത നിധിയിലേക്ക് തിരികെ കൊണ്ടു വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ